എന്നാൽ വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നിവ 5 ശതമാനം ബഹുമുഖ വിൽപ്പന നികുതിക്കു വിധേയമാണ്. എങ്കിലും ഈ അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനനുവദിച്ച ഇറക്കുമതി ചെയ്ത പഞ്ചസാരയ്ക്ക് 1985 ജൂൺ മുതൽ 1986 മാർച്ചു വരെ വിൽപ്പന നികുതി ഈടാക്കേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട്

* 140. [143] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വൈപ്പിൻ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) മദ്യദുരന്തം ഒഴിവാക്കാൻ അബ്കാരി നിയമത്തിൽ എന്തെല്ലാം ഭേദഗതി വരുത്താൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത നിയമം ഭേദഗതി വരുത്താൻ എന്തെല്ലാം നടപടികൾ എടുത്തു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ :)

(എ) ഉണ്ട്

(ബി, സി) കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. റിപ്പോർട്ട് യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ പണി

* 141 [144] ശ്രീ. വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കണാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന രണ്ടു സ്കൂൾ കെട്ടിടങ്ങളുടെ പണി നടത്തും എന്ന് പ്രഖ്യാപിച്ചശേഷം അത്തരം എത്ര സ്കൂളുകളിലെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന രണ്ടു സ്കൂളുകളുടെ വീതം പണി നടത്തുന്നതിന് പ്രത്യേകമായി നിർമ്മാണ സ്കീം ഒന്നും നിലവിലില്ലെങ്കിലും വെള്ളപ്പൊക്ക കെടുതികളെ തുടർന്ന് അത്യാവശ്യമായി കെട്ടിടം പണി ആവശ്യമുള്ള രണ്ടു സ്കൂളുകളുടെ പേര് നിർദ്ദേശിക്കുവാൻ എം. എൽ. എ. മാരോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചതിനുശേഷം 249 സ്കൂളുകളുടെ പണികൾ/പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly